# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2496 14.12.2015-ൽ മറുപടിക്ക്

## കാത്ത് ലാബ് സ്ഥാപിക്കൽ

**ചോദ്യം**

**ഡോ.കെ.ടി.ജലീൽ**

**മറുപടി**

**ശ്രീ.വി.എസ്.ശിവകുമാർ**

(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊല്ലം ജില്ലാ ആശുപത്രിയിലും എറണാകുളം, കോഴിക്കോട് ജനറൽ ആശുപത്രികളിലും കാത്ത് ലാബ് സ്ഥാപിക്കുന്നതിനായി 2015-16 ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നു; വ്യക്തമാക്കുമോ ; | (എ) | 2015-16 സാമ്പത്തികവർഷത്തിൽ കാത്ത് ലാബ് & ഐ.സി.യു സംവിധാനം ആരംഭിക്കുക എന്ന പദ്ധതിയിൽ ജില്ലാ ആശുപത്രി - കൊല്ലം, ജനറൽ ആശുപത്രി - എറണാകുളം, ജില്ലാ ആശുപത്രി, കോഴിക്കോട് എന്നിവിടങ്ങളിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇതിൽ നിന്നും ഇതുവരെ ചെലവായ തുകയെത്രയാണെന്നും അവ എന്തെല്ലാം പദ്ധതിക്കായി എവിടെയെല്ലാമാണെന്ന് അറിയിക്കുമോ ? | (ബി) | ഒരു സ്ഥാപനത്തിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് 5 കോടി രൂപയോളം ചെലവുവരുന്നതിനാൽ നടപ്പുസാമ്പത്തികവർഷം എറണാകുളം ജനറൽ ആശുപത്രിയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 15/06/2015 തീയതി യിലെ സ.ഉ.(സാധാ) നം.1804/15/ആ.കു.വ പ്രകാരം ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണത്തിനായി 17/08/2015-തീയതിയിലെ സ.ഉ(സാധാ)നം. 2649/15/ആ.കു.വ നമ്പർ ഉത്തരവുപ്രകാരം മേൽ തുക മുഴുവൻ കെ.എം.എസ്.സി.എൽ-ന് കൈമാറുകയും ചെയ്തിട്ടുണ്ട്. |

Deep.

**സെക്ഷൻ ഓഫീസർ**